**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **05-10-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | യുവ സഹകരണസംഘം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംഘാംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയും യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അംഗങ്ങളുടെയിടയിൽ സ്വയം പര്യാപ്തതയും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുക, സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവർത്തി പദത്തിൽ കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. 1969 ലെ കേരള സഹകരണ നിയമം, ചട്ടം, സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾ എന്നീ മാനദണ്ഡങ്ങൾ പ്രകാരമാണ് സംഘം പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം രൂപീകരിച്ച 29 യുവജന സഹകരണ സംഘങ്ങളുടെ വിവരം അറ്റാച്ച്മെന്റിൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ